**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3076** **11-03-2025 - ൽ മറുപടിയ്ക്ക്**

**റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ് ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് നവീകരണ മേഖലയിൽ ഗവേഷണത്തിനും വികസനത്തിനുമായി ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനം എന്ന നിലയ്ക്ക് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റോഡ് നവീകരണ മേഖലയിൽ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തി വരുന്നു. |
| (ബി) | റോഡുകളുടെ സുസ്ഥിര വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകി വികസിപ്പിച്ച നവീന സാങ്കേതിക വിദ്യകൾ വിശദമാക്കാമോ; | (ബി) | നൂതന സാങ്കേതിക വിദ്യകളായ<br>1. Geocells and Geogrids<br>2. Full Depth Reclamation<br>3. Microsurfacing<br>4. Segmental blocks<br>5. Soil nailing<br>6. Hydroseeding<br>എന്നിവ അവലംബിക്കാൻ തീരുമാനമായിട്ടുണ്ട്. ഇത് കൂടാതെ പ്രീഫാബ്രിക്കേറ്റഡ് സ്ട്രക്ചേഴ്സ് നിർമ്മാണം ഡ്രോൺ അധിഷ്ഠിത സർവേയിംഗ്, ആധുനിക ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് സാങ്കേതിക വിദ്യകളായ ജിയോടെക്സ്റ്റൈൽസ്, ജിയോ സെല്ലുകൾ, സ്റ്റോൺ കോളം മുതലായവയും പരിഗണനയിലുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ കടുത്തചൂട്, മഴമൂലമുണ്ടാകുന്ന ഉറവകൾ, കൊടും തണുപ്പ് എന്നീ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രതികൂല ഘടകങ്ങൾ പരിഹരിക്കാൻ കഴിയുന്ന എന്തെല്ലാം സാങ്കേതികവിദ്യകളാണ് പ്രായോഗികമായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | കാലാവസ്ഥ വ്യതിയാനം കാരണം റോഡുകൾ തകരുന്നത് ചെറുക്കാനായുള്ള നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള താഴെ വിവരിച്ചിരിക്കുന്ന പഠനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു.<br>1. ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ ഈർപ്പ സംവേദനക്ഷമതയെക്കുറിച്ചുള്ള ഗവേഷണം<br>2. സുപ്പീരിയർ പെർഫോർമിംഗ് അസ്ഫാൽറ്റ് റോഡുകൾ - സൂപ്പർവേവ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള |

| | | | |
|---|---|---|---|
| | | | പഠനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -ൽ പുരോഗമിക്കുന്നു.<br>3. Reclamed Asphalt Pavement (RAP)- നിലവിലുള്ള അസ്ഫാൽറ്റ് റോഡ് മെറ്റീരിയൽ റീസൈക്കിൾ ചെയ്ത് റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള സാങ്കേതിക വിദ്യ. |

സെക്ഷൻ ഓഫീസർ